(സി) 2014-15 സാമ്പത്തിക വർഷം (ജനുവരി 31 വരെ) പൊതു വിപണിയിൽ നിന്ന് 11200 കോടി രൂപ കടമെടുത്തിട്ടുണ്ട്. കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള അനുമതി അനുസരിച്ച് ഫെബ്രുവരി-മാർച്ച് കാലയളവിൽ 2000 കോടി രൂപ കടമെടുക്കുവാൻ കഴിയും.

(ഡി) കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപ്പാദന പരമായ ആവശ്യങ്ങൾക്കുമായിട്ടാണ് ചെലവഴിക്കുന്നത്.

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) 31 ഡിസംബർ 2014 വരെ ലഭ്യമായിട്ടുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുൾപ്പെടെ 31-12-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1,28,095.05 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമാകുമ്പോൾ മാത്രമേ 31-3-2015 വരെയുള്ള പൊതുകടം സംബന്ധിച്ച യഥാർത്ഥ കണക്ക് വ്യക്തമാകുകയുള്ളൂ.

(ജി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം

105 (451) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം 1-7-2014 മുതൽ മുൻകാല പ്രാബല്യം നൽകി എന്ന് ഉത്തരവിറക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ശമ്പളപരിഷ്കരണം ഇപ്രകാരം അനന്തമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ 1-7-2014 മുതൽ ഇടക്കാലാശ്വാസം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം നൽകുന്നത് സംബന്ധിച്ച് തീരുമാനം ഒന്നും എടുത്തിട്ടില്ല. 30-6-2015 വരെയാണ് കമ്മീഷന്റെ കാലാവധി. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ റിപ്പോർട്ട് സമർപ്പിക്കാമെന്ന് ഉദ്ദേശിക്കുന്നു.

(ബി) അന്തിമ റിപ്പോർട്ട് അനന്തമായി നീണ്ടുപോകുന്ന സാഹചര്യം പ്രതീക്ഷിക്കുന്നില്ല. ജീവനക്കാർക്ക് ഇടക്കാലാശ്വാസം പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly